(ഡി) എൻ.എച്ച്. എസ്റ്റിമേറ്റ് അനുമതിയായി കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന് അയച്ചു കൊടുത്തിട്ടുണ്ട്.

151 (1369) " തിരൂർ റസ്റ്റ് ഹൗസ് നിർമ്മാണം "

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ റസ്റ്റ് ഹൗസ് നിർമ്മാണ ജോലി പൂർത്തിയായിട്ടും വൈദ്യുതി കണക്ഷൻ ലഭിക്കാത്തതുമൂലം ഉപയോഗപ്പെടുത്തുവാൻ കഴിയുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു പരിഹരിക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിക്കുകയെന്നും റസ്റ്റ് ഹൗസ് എന്നത്തേയ്ക്ക് തുറന്നു കൊടുക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 21.1.99-ൽ വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടുണ്ട്. താമസിയാതെ ഉദ്ഘാടനം നടത്തി ഉപയോഗിച്ചു തുടങ്ങും.

152 (1370) റവന്യൂ ടവർ പണിയുന്നതിന് വിട്ടു കൊടുത്ത സ്ഥലം

ശ്രീ. ടി.എസ്. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മല്ലപ്പള്ളി താലൂക്ക് ഓഫീസിൽ നാട്ടുകാർ സംഭാവന ചെയ്ത സ്ഥലം റവന്യൂ ടവർ പണിയുന്നതിന് ഹൗസിംഗ് ബോർഡിനു വിട്ടു കൊടുത്ത വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അതു തിരിച്ചു റവന്യൂ വകുപ്പിനു തന്നെ വിട്ടുകൊടുക്കണമെന്ന മല്ലപ്പള്ളി താലൂക്ക് സഭ ആവശ്യപ്പെട്ടതനുസരിച്ച് വിട്ടു കൊടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ റവന്യൂ വകുപ്പിന് വിട്ടു കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മല്ലപ്പള്ളി വില്ലേജിൽ സർവ്വേ നമ്പർ 174/12, 13, 14, 15, 175/9, 10, 11, 12, 13, 14 എന്നീ നമ്പരുകളിൽപ്പെട്ട 48 ആർ സ്ഥലം മല്ലപ്പള്ളി തഹസീൽദാർ 16.3.1995-ൽ റവന്യൂ ടവർ നിർമ്മാണത്തിനുവേണ്ടി ഭവന നിർമ്മാണ ബോർഡിനു കൈമാറിയിട്ടുണ്ട്.

(ബി) & (സി) പ്രസ്തുത സ്ഥലം റവന്യൂ വകുപ്പിനു വിട്ടു കൊടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

153 (1371) റാന്നിയിൽ വർക്കിംഗ് വിമൻസ് ഹോസ്റ്റൽ

ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly